പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2673 — 18.06.2018-ൽ മറുപടിക്ക്

## കോവിൽക്കടവ്- കലശേഖരം പാലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഐ.ബി. സതീഷ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാട്ടാക്കട-വട്ടിയൂർക്കാവ് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോവിൽക്കടവ്-കലശേഖരം പാലത്തിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിലെ കരമന പുഴയുടെ കുറുകെയുള്ള കോവിൽക്കടവ്-കലശേഖരം പാലത്തിന്റെ നിർമ്മാണത്തിന് സർക്കാർ ഉത്തരവ് G.O(Rt)No. 313/2013/PWD dated 02.03.2013 പ്രകാരം 1250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് ഇപ്പോഴും നിലനിൽക്കുന്നു. പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണത്തിനാവശ്യമായ ഭൂമി പൊതുമരാമത്ത് വകുപ്പ്, ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുത്തു വരുന്നു. 32 ഭൂവുടമകളിൽ നിന്നും വസ്തു ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ 30 പേരിൽ നിന്നും വസ്തു ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക നൽകി കഴിഞ്ഞു. 29.01.2018-ലെ CDO/BDU/10/18 പ്രകാരം പാലത്തിന്റെ ഡിസൈൻ നവീകരിച്ച് ലഭിച്ചതിനെത്തുടർന്ന് ഇപ്പോൾ നിലനിൽക്കുന്ന ഭരണാനുമതി തുകയേക്കാൾ അധികമായ തുക ആവശ്യമായതിനാൽ പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

| | |
|---|---|
| (ബി). ആയതിന്റെ നിർമ്മാണ പ്രവർത്ത- നങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) പുതിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ആയത് ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകി തുടർന്ന് സാങ്കേതികാനുമതിയും നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതി നാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ നടപടികൾ പുരോഗതിയിലാണ്. |

S. Bindu

സെക്ഷൻ ഓഫീസർ